**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2044** **11-10-2021 - ൽ മറുപടിയ്ക്ക്**

**എൻ.ക്യൂ.എ.എസ് അംഗീകാരത്തിനുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ഡോ സുജിത് വിജയൻപിള്ള | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ മൂന്നിൽ ഒന്നിന് എങ്കിലും എൻ.ക്യൂ.എ.എസ്. അംഗീകാരം നേടി രാജ്യത്ത് ഒന്നാം സ്ഥാനം നേടാനായിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് 93 നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഉള്ളതിൽ 33 നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് എൻ.ക്യൂ.എ.എസ്. അംഗീകാരം നേടിയെടുക്കാൻ കഴിഞ്ഞു. ദേശീയ തലത്തിൽ നഗര പ്രാഥമിക ആരോഗ്യ കേന്ദ്ര വിഭാഗത്തിൽ ഏറ്റവും കൂടുതൽ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യു.എ.എസ്) അംഗീകാരം നേടി രാജ്യത്ത് ഒന്നാം സ്ഥാനം നേടിയെടുക്കാനായിട്ടുണ്ട്. |
| (ബി) | എൻ.ക്യൂ.എ.എസ് അംഗീകാരത്തിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും സംസ്ഥാനത്ത് ഇതുവരെ എത്ര ആശുപത്രികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും അറിയിക്കാമോ; അംഗീകാരം ലഭിക്കുന്ന സ്ഥാപനങ്ങൾക്ക് കേന്ദ്രസർക്കാരിൽ നിന്നും ധനസഹായം നൽകുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | മിനിസ്ട്രി ഓഫ് ഹെൽത്ത് & ഫാമിലി വെൽഫെയർ ആരോഗ്യ മേഖലയുടെ സമഗ്ര വികസനത്തിനു വേണ്ടി ഇന്ത്യയിൽ മുഴുവനുള്ള ഗവൺമെൻറ് ആശുപത്രികളുടെ നിലവാരം മെച്ചപ്പെടുത്തതിനുവേണ്ടി നടപ്പാക്കുന്ന പദ്ധതിയാണ് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്. അന്തർദേശീയ നിലവാര നിർണ്ണയ ഏജൻസിയായ ഇന്റർനാഷണൽ സ്റ്റാൻഡേർഡ് ഓഫ് ക്വാളിറ്റി (ഇ.സ്.കു.വ) (I.S.Q.U.A) അംഗീകരിച്ച പുരസ്കാരമാണ് എൻ.ക്യു.എ.എസ്. സർവീസ് പ്രൊവിഷൻ, പേഷ്യന്റ് റൈറ്റ്, ഇൻപുട്സ്, സപ്പോർട്ടീവ് സർവിസ്സ്, ക്ലിനിക്കൽ സർവിസ്സ്, ഇൻഫെക്ഷൻ കൺട്രോൾ, ക്വാളിറ്റി മാനേജ്മെൻറ്, ഔട്ട്കം എന്നി 8 വിഭാഗങ്ങളായി 6500 ഓളം ചെക്ക് പോയിന്റ്സ് വിലയിരുത്തിയാണ് എൻ.ക്യു.എ.എസ് അംഗീകാരം നൽകുന്നത്. ജില്ലാതല പരിശോധന, സംസ്ഥാനതല പരിശോധന എന്നിവയ്ക്ക് ശേഷം എൻ. എച്ച്. എസ്. ആർ. സി നിയമിക്കുന്ന ദേശീയതല പരിശോധകർ നടത്തുന്ന പരിശോധനയ്ക്കുശേഷമാണ് ആശുപത്രിയുടെ ഗുണനിലവാരം/മാനദണ്ഡം ഉറപ്പാക്കുന്നത്. ഇവയിൽ ഓരോ വിഭാഗത്തിലും 70 %ൽ കൂടുതൽ മാർക്ക് |

| | | | |
|---|---|---|---|
| | | | നേടുന്ന ആശുപത്രികൾക്കാണ് ഭാരത സർക്കാർ എൻ. ക്യു. എ. എസ് അംഗീകാരം നൽകുന്നത്. ഇതുവരെ 125 സർക്കാർ ആശുപത്രിക്കൾക്ക് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യു.എ.എസ്) അംഗീകാരം ലഭിച്ചു, അതിൽ 3 ജില്ലാ ആശുപത്രികൾ, 4 താലൂക്ക് ആശുപത്രികൾ, 7 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 33 നഗര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, 78 കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിങ്ങനെയാണ് (എൻ.ക്യു.എ.എസ്) അംഗീകാരം ലഭിച്ചിട്ടുള്ള സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങൾ. എൻ.ക്യു.എ.എസ്. അംഗീകാരം ലഭിക്കുന്ന സ്ഥാപനങ്ങൾക്ക് കേന്ദ്രസർക്കാരിൽ നിന്നും ധനസഹായം നൽകുന്നുണ്ട്. എൻ.ക്യു.എ.എസ്. അംഗീകാരം ലഭിച്ചിട്ടുള്ള ആശുപത്രികൾക്കു ഒരു കിടക്കയ്ക്ക് പതിനായിരം രൂപ എന്ന നിലയിലും, കിടത്തി ചികിത്സയില്ലാത്ത പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾക്കും, നഗര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾക്കും രണ്ട് ലക്ഷം രൂപാ വീതം മൂന്നു വർഷത്തേക്ക് പാരിതോഷികം ലഭിക്കുന്നു. മൂന്നു വർഷത്തിനു ശേഷം ദേശീയതല പുനഃപരിശോധനാ നടത്തിവരാറുണ്ട്. |
| (സി) | സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി പൂർത്തിയായിട്ടുണ്ടോ ; അറിയിക്കാമോ? | (സി) | സർക്കാരിന്റെ ആർദ്രം പദ്ധതിയുടെ വിവിധ ഘട്ടങ്ങളിലായി 886 സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ തിരഞ്ഞെടുത്തിട്ടുണ്ട്. നിലവിൽ 501 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. മറ്റുള്ളവയുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ ഘട്ടം ഘട്ടമായി നടന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ